പുതിയാപ്പ് പ്രൈമറി ഹെൽത്ത് സെന്റർ നിർമ്മാണം

153 [1092] *ശ്രീ. എ. സി. ഷണ്മുഖദാസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പുതിയാപ്പയിൽ പണി നടന്നുകൊണ്ടിരിക്കുന്ന പ്രൈമറി ഹെൽത്ത് സെന്ററിന് കെട്ടിടം പണിയുവാൻ ഫിഷറീസ് വകുപ്പിൽ നിന്ന് ഇതിനകം എന്തു തുക ചെലവഴിച്ച് കഴിഞ്ഞിട്ടുണ്ട്;

(ബി) ഇലക്ട്രിഫിക്കേഷൻ നടക്കാത്തതുകൊണ്ട് പ്രസ്തുത കെട്ടിടം തുറന്നു പ്രവർത്തിക്കാൻ കഴിയാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇലക്ട്രിഫിക്കേഷൻ പൂർത്തിയാക്കി കെട്ടിടം ഹെൽത്ത് സെന്ററിന് വിട്ടുകൊടുക്കാൻ എത്രകാലം എടുക്കും എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 25,37,950 രൂപ ചെലവഴിച്ചു.

(ബി) ഉണ്ട്. ഇലക്ട്രിഫിക്കേഷൻ ജോലി പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗം ആരംഭിച്ചു കഴിഞ്ഞു. നിർമ്മാണ ജോലി പൂർത്തിയാക്കി കെട്ടിടം ഫിഷറീസ് വകുപ്പിന് ഏൽപിച്ചുകഴിഞ്ഞാലുടൻതന്നെ ഹെൽത്ത് സെന്ററിന് വിട്ടുകൊടുക്കാൻ കഴിയുന്നതാണ്.

തീരദേശ വികസന അതോറിറ്റി

154 [1093] *ശ്രീ. എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ രൂപം നൽകി നടപ്പിലാക്കുവാനുദ്ദേശിക്കുന്ന തീരദേശ വികസന അതോറിറ്റിയുടെ രൂപീകരണ നടപടിക്രമങ്ങൾ ഏതുവരെയായി എന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ അതോറിറ്റിയുടെ പ്രവർത്തനവുമായി മത്സ്യഫെഡിനോ മറ്റ് ഏതെങ്കിലും ഏജൻസികൾക്കോ ബന്ധമുണ്ടോ;

(സി) പുതുതായി രൂപീകരിക്കുന്ന അതോറിറ്റിയുടെ ആസ്ഥാനം എവിടെയാണെന്ന് നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തീരദേശ വികസന ഏജൻസി രൂപീകരിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചുകഴിഞ്ഞു. ഏജൻസി രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly